# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

WS 2 MM 10 3

## ക്ലാസ്സ് 10 – കേരളപാഠാവലി

## പാവങ്ങൾ

<u>ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.</u>

1. "ഹാ എന്റെ ഭഗവാനേ ! അതു കേൾക്കുമ്പോൾ എന്റെ തടി വിറയ്ക്കുന്നു." എന്താവും മദാം മഗ്ല്വാർ ഉദ്ദേശിക്കുന്നത് ?
   - ഴാങ് വാൽ ഴാങ് മെഴുകുതിരിക്കാലുകൾ കൂടി മോഷ്ടിക്കുമെന്ന്
   - പോലീസുകാർ മദാം മഗ്ല്വാറിനെ ജയിലിലാക്കുമെന്ന്
   - ഴാങ് വാൽ ഴാങ് മെത്രാനെ ആക്രമിച്ചേയ്ക്കുമെന്ന്

2. 'പാവങ്ങൾ' നോവലിനെ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത്
   - കെ. ദാമോദരൻ
   - കാളിയത്ത് ദാമോദരൻ
   - നാലപ്പാട്ട് നാരായണമേനോൻ

3. "രാത്രിയും പകലും ഒരു നീക്ക നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടുകയില്ല" - വാക്കുകളിൽ തെളിയുന്നത് ?
   - ദേവാലയം എല്ലാപേരേയും ഒരുപോലെ സ്വീകരിക്കുന്നു.
   - കുറ്റവാളികൾക്ക് പ്രവേശനമില്ല
   - പകൽ മാത്രമേ ഭക്തർക്കു പ്രവേശനമുള്ളൂ.

4. "വന്ദിക്കപ്പെടേണ്ടവൻ" - ഒറ്റപ്പദമെന്ത് ?
   - വധ്യൻ
   - വന്ദനം
   - വന്ദ്യൻ

<u>രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക.</u>

5. "മെത്രാൻ ആ സമയത്ത് കുനിഞ്ഞുനിന്ന്, കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചുനോക്കി വ്യസനിക്കുകയായിരുന്നു." - പ്രവൃത്തിയിലൂടെ വ്യക്തമാകുന്ന മെത്രാന്റെ രണ്ടു സ്വഭാവസവിശേഷതകൾ.

6. വെള്ളിപ്പാത്രം ഴാങ് വാൽ ഴാങ് മോഷ്ടിച്ചതിനെ മെത്രാൻ ന്യായീകരിച്ചതെങ്ങനെ ?

തിരു. വിദ്യാഭ്യാസ ജില്ല

**അരപ്പുറത്തിൽ ഉത്തരമെഴുതുക.**

7. **"അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി, അനങ്ങാതെ, വിരൽത്തുമ്പുകൊണ്ട് അയാൾ വാതിലുന്തി."**

**- ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ സൂക്ഷ്മമായി അവതരിപ്പിക്കാൻ വിക്ടർ ഹ്യൂഗോക്ക് ഈ ഉപമയിലൂടെ കഴിയുന്നുണ്ട്. വിമർശനക്കുറിപ്പ് തയാറാക്കുക.**

8. **"രണ്ടു നിമിഷത്തേയ്ക്ക് തന്റെ കാര്യംപോയി എന്ന് തീർച്ചപ്പെടുത്തി."**

**- സന്ദർഭം വിലയിരുത്തി കുറിപ്പ് തയാറാക്കുക.**

**ഒരുപുറത്തിൽ ഉത്തരമെഴുതുക.**

9. **"മോൺസിന്യേർ - മാനവികതയുടെ മഹനീയരൂപം" -പ്രസ്താവനയെ അടിസ്ഥാനമാക്കി കഥാപാത്ര നിരൂപണം തയാറാക്കുക.**

10. **"തെറ്റിന് കാരാഗൃഹം മാത്രമല്ല പരിഹാരം, സ്നേഹപൂർണ്ണമായ മാപ്പ് നൽകലും മനഃപരിവർത്തനത്തിനുള്ള മാർഗമാണെന്ന് ഴാങ്ങിന്റെ ജീവിതം വ്യക്തമാക്കുന്നു."**

**- തെറ്റിനേയും ശിക്ഷയേയും കുറിച്ചുള്ള നവീനമായ ദർശനമാണ് 'പാവങ്ങൾ 'എന്ന നോവൽ നൽകുന്നത്. ഹ്യൂഗോയുടെ ഈ ദർശനത്തിന്റെ അടിസ്ഥാനത്തിൽ 'കുറ്റവും ശിക്ഷയും മനുഷ്യജീവിതവും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.**

**അധിക ചോദ്യങ്ങൾ**

11. **പിരിച്ചെഴുതുക.**

**ചെവിയോർത്ത്**

**അപകടമറിഞ്ഞ്**

**ഒന്നനങ്ങുവാൻ**

**വളരെക്കാലം**

**അദ്ദേഹം**

12. **വിഗ്രഹിക്കുക.**

**സൗമ്യഭാവം**

**സഹോദരീസഹോദരന്മാർ**

**സഗൗരവം**

**വെള്ളിസാമാനം**

**ഭാവവിശേഷം**